Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

6. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

7. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. കെ. ബാബു: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമിതി അംഗമായ ഞാൻ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2013-ൽ കേരള സിവിൽ ഭേദഗതി ആക്ട് പ്രകാരം മുൻസിഫ് കോടതികൾക്ക് പരിഗണിക്കാനുള്ള പരിധി ഒരു ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ജില്ലാ കോടതികൾക്ക് 2 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിന്റെ തോതനുസരിച്ച്, ഹൈക്കോടതിയിലെ സാമ്പത്തിക പരിധി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മുൻസിഫ് / ജില്ലാ കോടതികളിൽനിന്ന് വരുന്ന കേസ്സുകൾ, ഹൈക്കോടതിയിലെ